പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1165 | 06.06.2018 ന് മറുപടിയ്ക്ക്.

## റാന്നി സർക്കാർ ഐ.ടി.ഐ.

*ചോദ്യം* | *ഉത്തരം*

ശ്രീ.രാജു എബ്രഹാം : | ശ്രീ. ടി.പി. രാമകൃഷ്ണൻ. (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) റാന്നി സർക്കാർ ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചതെന്നാണെന്നും ഏതൊക്കെ കോഴ്സുകളാണ് ഇവിടെ ഉള്ളതെന്നും നിലവിൽ ഐ.ടി.ഐ. പ്രവർത്തിക്കുന്നത് എവിടെയാണെന്നും വിശദമാക്കാമോ; | | (എ) 2011 ആഗസ്റ്റ് മാസം മുതൽ റാന്നി ഐ.ടി.ഐയുടെ പ്രവർത്തനം ആരംഭിച്ചു. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രോണിക് മെക്കാനിക് (2 യൂണിറ്റ് വീതം) എന്നീ ട്രേഡുകളിലാണ് പരിശീലനം നൽകുന്നത്. നിലവിൽ റാന്നി പഞ്ചായത്ത് ലഭ്യമാക്കിയ താൽക്കാലിക സംവിധാനത്തിലാണ് ഐ.ടി.ഐ പ്രവർത്തിക്കുന്നത്. |
| (ബി) റാന്നി സർക്കാർ ഐ.ടി.ഐ. യ്ക്കായി ഉതിമൂടിലെ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ എന്നാണ് സ്ഥലം ഏറ്റെടുത്തതെന്നും എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തതെന്നും വിശദമാക്കാമോ; | | (ബി) റാന്നി താലൂക്കിൽ റാന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീ-സർവ്വേ നമ്പർ 534-ൽ പെട്ട ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ള (പി.ഐ.പി ലാൻറ്) 74.90 ആർ സ്ഥലം ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി 01/12/16-ൽ ഏറ്റെടുത്തിട്ടുണ്ട്. |
| (സി) റാന്നി സർക്കാർ ഐ.ടി.ഐ. യ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടെങ്കിൽ അതെന്താണെന്നും തടസ്സം നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | | (സി) വകുപ്പിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കെല്ലാം അന്താരാഷ്ട്ര നിലവാരം ഉണ്ടാകണമെന്ന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഈ മാനദണ്ഡം അനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Bindu

സെക്ഷൻ ഓഫീസർ